# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3078 — 15.12.15 ൽ - മറുപടിക്ക്

## റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പുരോഗതി വിശദമാക്കുമോ; | (എ) റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ വകുപ്പിൽ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കി വരുന്നുണ്ട്. പദ്ധതിയുടെ മോഡൽ പൈലറ്റ് തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 11 കടകളിൽ ആരംഭിച്ചിട്ടുണ്ട്. ഗുണഭോക്താവിനെ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ മുഖേന തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പൈലറ്റ് പദ്ധതിയുടെ ഭാഗമായി ആധാർ ഇല്ലാത്തതോ ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുകയോ ചെയ്താൽ **OTP (One Time Password)** മുഖേനയും റേഷൻ വിതരണം നടത്തി വരുന്നു. 22 റേഷൻ കടകൾ പൈലറ്റിന്റെ ഭാഗമായി നവീകരിച്ചിട്ടുണ്ട്. **MSDG** (മൊബൈൽ സർവ്വീസ് ഡെലിവറി ഗേറ്റ് വേ) മുഖാന്തിരം ഗുണഭോക്തൃ വിഹിതം സംബന്ധിച്ചും കൈപ്പറ്റിയ വിഹിതം സംബന്ധിച്ചും **SMS** ലഭ്യമാക്കുന്നുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് - ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അപെക്സ് കമ്മിറ്റി, സംസ്ഥാന ഭക്ഷ്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ **SPeMT (State Project e-Mission Team)**, സിവിൽ സപ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ടെക്നിക്കൽ കമ്മിറ്റി എന്നിവയും ഇതു കൂടാതെ ഒരു പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റും **(PIU)** രൂപീകരിച്ചിട്ടുണ്ട്. |

ഡാറ്റാബേസ് കൈകാര്യം ചെയ്യുന്നതിന് ഒരു **Postgre SQL** ഡാറ്റാബേസ് വിദഗ്ദ്ധനെയും ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്ററെയും നിയമിച്ചിട്ടുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ സാങ്കേതിക സഹായം പ്രോജക്ടിനു ലഭ്യമാണ്. സിസ്റ്റം ഇന്റഗ്രേറ്ററായി കെൽട്രോണിനെ തെരഞ്ഞെടുത്തിട്ടുണ്ട്. എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും കമ്പ്യൂട്ടറുകളും നെറ്റ്‌വർക്കും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) റേഷൻ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താവിന് നിർബന്ധമായും ബില്ല് കൊടുക്കണമെന്ന വ്യവസ്ഥ പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(ബി) റേഷൻ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് കൃത്യമായും വ്യക്തമായും ബില്ലെഴുതി നൽകണമെന്ന് നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പാലിക്കപ്പെടാതിരിക്കുന്ന ചില സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബിൽ നൽകാത്തതായി ശ്രദ്ധയിൽപെടുന്ന വ്യാപാരികൾക്കെതിരെ കേരള റേഷനിംഗ് ഓർഡറിന്റെ അടിസ്ഥാനത്തിൽ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.

Thulasi

സെക്ഷൻ ഓഫീസർ